No. ITS/2009/08/1336 (3)

STATE PROJECT OFFICE
**IT @ SCHOOL PROJECT**
*(IT project under directorate of public instruction)*
POOJAPURA P.O
THIRUVANANTHAPURAM-12
**Ph: 0471-2529800 fax: 0471-2529810**
E-mail: contact@itschool.gov.in

തീയതി : 13.08.2009

**സർക്കുലർ**

**വിഷയം:- ഐടി@സ്കൂൾ പ്രോജക്ട് - സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് റെമ്യൂണറേഷൻ നൽകുന്നതു സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 02.07.2009-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഐടി വിദ്യാഭ്യാസവും ഐടി അധിഷ്ഠിത വിദ്യാഭ്യാസവും ഐസിടി പദ്ധതിയുടെ നിർവ്വഹണവും നടത്തുന്നത് ഐടി@സ്കൂൾ പ്രോജക്ടാണ്. നിലവിലുള്ള സ്കൂൾ അധ്യാപകർക്ക് തുടർച്ചയായ ഐടി പരിശീലനം നൽകിയാണ് സ്കൂളുകളിൽ പദ്ധതി പ്രാവർത്തികമാക്കുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തനങ്ങൾ നടത്തുന്നതിന് ഐടി@സ്കൂൾ പ്രോജക്ടിന്റെ ഓഫീസ് സംവിധാനങ്ങളും തെരഞ്ഞെടുത്ത സ്കൂൾ അധ്യാപകരുടെ മാസ്റ്റർട്രെയിനർമാരായുള്ള സേവനവും മൂലമാണ് നടത്തുന്നത്. പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സേവനം നൽകുന്നതും സ്കൂൾതലത്തിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതും ഓരോ ഹൈസ്കൂളിലെയും സ്കൂൾ ഐടി കോർഡിനേറ്റർമാരാണ്. സാധാരണ ഹൈസ്കൂൾ അധ്യാപകരായ സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് അവരവരുടെ തനതു ജോലികൾക്കു പുറമെയാണ് ഐടി സംബന്ധമായ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നത്. ഈ അധികജോലി കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂളുകളിൽ ഐടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സർക്കാർ, എയിഡഡ് സ്കൂളുകളിലെ സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് ഐസിടി പദ്ധതിയുടെ ഭാഗമായി പ്രതിവർഷം 2000/- രൂപ റെമ്യൂണറേഷൻ നൽകുന്നതിന് സൂചന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. സ്കൂൾ ഐടി കോർഡിനേറ്റർമാർക്ക് ഈ തുക 2009-10 അധ്യയനവർഷം മുതൽ നൽകുന്നതാണ്. തുക വിതരണം ചെയ്യുന്നതു ഐടി@സ്കൂൾ പ്രോജക്ടിലെ ജില്ലാ കോർഡിനേറ്റർമാർ മുഖേന ജില്ലാ ഓഫീസുകൾ വഴിയായിരിക്കും. ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ജില്ലാകോർഡിനേറ്റർമാർക്ക് നൽകുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ഡിഡിഇ/ഡിഇഒമാർക്കും
ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ സ്കൂൾ ഐടി കോർഡിനേറ്റർമാർക്കും

GK/SSK/1336